No.CEE/1122/3LLB-2021/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2021
## ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെയും 6 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2021–22 വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **10.10.2021** വൈകുന്നേരം **4.00** മണി വരെ അപേക്ഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വെബ്സൈറ്റിലെ **‘ Three Year LL.B 2021 - Candidate Portal’**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം **‘Allotment Result’** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **‘Data Sheet’** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 18 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **20.10.2021** മുതൽ **25.10.2021, 4 pm** വരെയുള്ള തീയതികളിൽ ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ഫീസ് അതാത് കോളേജുകളിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ **25.10.2021 വൈകുന്നേരം 5.00** മണിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല.

നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്. അവരുടെ നിലവിലുള്ള ഓപ്ഷനുകൾ, തുടർന്ന് അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുന്നതല്ല. രണ്ടാം ഘട്ട അലോട്ട്മെൻറ് നടപടികൾ സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**കുറിപ്പ്:**

1. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ extension of Provisional temporary approval ലഭിക്കാത്തതുമൂലം Al Ameen Law college, Kulappally, Palakkad, Nehru Academy of Law, palakkad എന്നീ ലോ കോളേജുകളെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. യൂണിവേഴ്സിറ്റി അഫിലിയേഷൻ/സർക്കാർ ഉത്തരവ് /ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം എന്നിവ ലഭിക്കാത്തതുമൂലം ഒന്നാംഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്താത്ത കോളേജുകൾക്ക് അഫിലിയേഷൻ ലഭിക്കുന്ന മുറയ്ക്ക് തുടർന്നുള്ള അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.

2. ലോ കോളേജുകളിൽ അധിക സീറ്റുകൾ അനുവദിച്ച്കൊണ്ട് സർക്കാർ ഉത്തരവ്/ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം/യൂണിവേഴ്സിറ്റി അഫിലിയേഷൻ എന്നിവ ലഭിക്കുന്ന പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ആ സീറ്റുകൾ ഉൾപ്പെടുത്തുന്നതായിരിക്കും.



ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
13.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**